(സി) ഇപ്പോൾ ഹൈക്കോടതിയിൽ ഭൂപരിഷ്ക്കരണനിയമപ്രകാര മുള്ള കേസുകൾ തീരുമാനിക്കുന്നതിന് ഒരു ബഞ്ചു മാത്രമേ പ്രവർത്തിക്കു ന്നുള്ളു. ഈ ഇനത്തിലുള്ള കുടിശിക കേസുകൾ തീർക്കുന്നതിന് രണ്ടാ മതൊരുബഞ്ചുകൂടി ആരംഭിക്കുന്നതിനുള്ള സാദ്ധ്യത ഗവൺമെൻറ് ആരാഞ്ഞുവരുന്നുണ്ട്.

സബ്ട്രഷറികൾ

*33 [35] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ എത്ര സബ് ട്രഷറികൾകൂടി ആരംഭിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) അവ എവിടെയെല്ലാം?

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) സംസ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ രണ്ട് (2) സബ് ട്രഷറികൾകൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഇടുക്കി ജില്ലയിൽ കട്ടപ്പനയിലും എറണാകുളം ജില്ലയിൽ നായരമ്പലത്തിലും.

പുറംപോക്കുഭൂമി പതിച്ചുകൊടുക്കൽ

*34 [37] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറംപോക്കുഭൂമിയിൽ പുരവച്ചും ദേഹണ്ഡിച്ചും ദീർഘ നാളുകളായി കഴിയുന്നവർക്ക് ആ ഭൂമി പതിച്ചുകൊടുക്കുന്ന കാര്യം ഗവൺ മെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ എത്രത്തോളമായി;

(സി) ഇത്തരം ഭൂമി അവകാശക്കാർക്ക് പതിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) പുറംപോക്കുഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടം അനുസരിച്ച് അത് പതിച്ചു കൊടുക്കുന്നുണ്ട്.

(ബി) 30-6-1979 വരെ പതിച്ചുകൊടുക്കാനുള്ള മൊത്തം ഭൂമി 175,474 ഹെക്ടറാണ്. ഇതിൽ 162,337 ഹെക്ടർ 466,952 പേർക്കായി പതിച്ചുകൊടുത്തു. ഇനി 13,137 ഹെക്ടർ പതിച്ചു കൊടുക്കാൻ ബാക്കി യുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കേരളസ്റ്റോറുകൾ

*35 [38] ശ്രീ. വി. ജെ. ജോസഫ്:

ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റോറുകൾ അനുവദിക്കുന്നതിൻെറ മാനദണ്ഡ മെന്തെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly